**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2152** **21-06-2024 - ൽ മറുപടിയ്ക്ക്**

**ഓട്ടിസം സെന്റർ ആരംഭിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ഓട്ടിസം ബാധിച്ച മുഴുവൻ കുട്ടികൾക്കും സാമൂഹിക പരിചരണം ഉറപ്പ് വരുത്താനും മെഡിക്കൽ കോളേജുകൾ, ജില്ലാ ആശുപത്രികൾ എന്നിവ കേന്ദ്രീകരിച്ച് ഓട്ടിസം സെന്റർ ആരംഭിക്കുവാനും നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ? | (എ) | ഓട്ടിസം ബാധിച്ച മുഴുവൻ കുട്ടികൾക്കും സാമൂഹിക പരിചരണം ഉറപ്പ് വരുത്താനും മെഡിക്കൽ കോളേജുകൾ കേന്ദ്രീകരിച്ച് ഓട്ടിസം സെന്റർ ആരംഭിക്കുവാനുള്ള നടപടികളുടെയും ഭാഗമായി തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ഓട്ടിസം ബാധിച്ച മുഴുവൻ കുട്ടികൾക്കും സാമൂഹിക പരിചരണം ഉറപ്പ് വരുത്തുന്നതിന് സാമൂഹ്യ നീതി വകുപ്പിന്റെ കീഴിൽ കേരള സാമൂഹ്യ സുരക്ഷാ മിഷന്റെ പ്രോജക്ട് എന്ന നിലയിൽ ഓട്ടിസം സെന്റർ കഴിഞ്ഞ 5 വർഷമായി പ്രവർത്തിച്ച് വരുന്നതും കരാർ അടിസ്ഥാനത്തിൽ സ്പീച്ച് തെറാപ്പിസ്റ്റ്, ഒക്കുപ്പേഷണൽ തെറാപ്പിസ്റ്റ്, ഫിസിയോതെറാപ്പിസ്റ്റ്, ഡെവലപ്മെന്റൽ തെറാപ്പിസ്റ്റ് എന്നിവരുടെ സേവനം ലഭ്യമാക്കി വരുന്നതുമാകുന്നു.<br><br>ആലപ്പുഴ മെഡിക്കൽ കോളേജിൽ കേരള സാമൂഹിക സുരക്ഷ മിഷന്റെ ഭാഗമായി 2018 ഒക്ടോബർ 15 ന് ഓട്ടിസം/REIC സെന്റർ ആരംഭിച്ച് പ്രവർത്തനം നടത്തി വരുന്നുണ്ട്.<br><br>കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രിയുടെ അനുബന്ധ സ്ഥാപനമായ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ചൈൽഡ് ആന്റ് ചിൽഡ്രൻസ് ഹോസ്പിറ്റലിൽ നിലവിലുള്ള ഓട്ടിസം സെന്റർ തിങ്കൾ മുതൽ ശനി വരെ രാവിലെ 9.00 മണി മുതൽ വൈകിട്ട് 4 മണി വരെ മെഡിക്കൽ ഓഫീസറുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്നു.<br><br>തൃശ്ശൂർ മെഡിക്കൽ കോളേജ് ആർ.ഇ.ഐ.സി & ഓട്ടിസം സെന്റർ 2018 ഓഗസ്റ്റ് മുതൽ ശിശുരോഗവിഭാഗത്തിന്റെ സഹകരണത്തോടുകൂടി കേരള സ്റ്റേറ്റ് സെക്യൂരിറ്റി മിഷന്റെ കീഴിൽ പ്രവർത്തിച്ചുവരുന്നുണ്ട്. |

കോഴിക്കോട് മെഡിക്കൽ കോളേജിന്റെ അനുബന്ധ ആശുപത്രിയായ മാതൃശിശു സംരക്ഷണ കേന്ദ്രത്തിൽ റീജിയണൽ ഏർലി ഇന്റർവെൻഷണൽ & ഓട്ടിസം സെന്റർ പ്രവർത്തിക്കുന്നുണ്ട്.

മഞ്ചേരി മെഡിക്കൽ കോളേജ് കേന്ദ്രീകരിച്ചു കൊണ്ട് 2019 ഫെബ്രുവരി മാസം മുതൽ അനുയാത്ര ഓട്ടിസം സെന്റർ ശിശുരോഗ വിഭാഗത്തിന്റെ കീഴിൽ പ്രവർത്തനം ആരംഭിച്ചിട്ടുള്ളതും നിലവിൽ 300 ൽ കൂടുതൽ ഓട്ടിസം കുട്ടികൾക്ക് സേവനം നൽകി വരുന്നതു കൂടാതെ 300 ൽ പരം ഭിന്നശേഷി കുട്ടികളുടെ തെറാപ്പി സേവനം നടത്തുവാനും സാധിച്ചിട്ടുണ്ട്. കൗൺസിലിങ്, Occupational Therapy, Development Therapy, Physiotherapy, Speech Therapy, Special Education, parental awareness program, Group Therapy, Outreach program തുടങ്ങിയ സേവനങ്ങളും ഓട്ടിസം സെന്ററിൽ നൽകി വരുന്നു.

ഇടുക്കി മെഡിക്കൽ കോളേജ് ആശുപത്രിയിൽ എൻ.എച്ച്.എം, ഡി.ഇ.ഐ.സി മുഖേന ഓട്ടിസം സെന്ററുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

എറണാകുളം സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രിയിൽ ഓട്ടിസം ക്ലിനിക്ക് നിലവിലില്ലായെങ്കിലും ആശുപത്രിയിൽ എത്തുന്ന ഇത്തരം രോഗികൾക്ക് ആവശ്യമായ ചികിത്സകൾ ശിശുരോഗ വിഭാഗത്തിലും മാനസിക രോഗ വിഭാഗത്തിലും നൽകിവരുന്നു.

കണ്ണൂർ മെഡിക്കൽ കോളേജ് ആശുപത്രിയിൽ ഓട്ടിസം സെന്റർ സ്ഥാപിക്കാനുള്ള നടപടികൾ പുരോഗമിച്ചു വരികയാണ്. State initiative on disability യിൽ നിന്നുള്ള ഉദ്യോഗസ്ഥർ സ്ഥല പരിശോധനയ്ക്കായി താമസിയാതെ എത്തിച്ചേരുമെന്ന് അറിയിച്ചിട്ടുണ്ട്. ഇത് പൂർത്തിയായാൽ ഉടൻ തന്നെ ഓട്ടിസം സെന്റർ സ്ഥാപിക്കുന്നതിനായുള്ള നടപടികൾ കൈക്കൊള്ളുന്നതാണ്.

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള കൊല്ലം, കോന്നി, വയനാട് മെഡിക്കൽ കോളേജുകളിലും നിർമ്മാണം നടന്നുകൊണ്ടിരിക്കുന്ന കാസർഗോഡ് മെഡിക്കൽ കോളേജിലും ഓട്ടിസം സെന്റർ പ്രവർത്തനം തുടങ്ങിയിട്ടില്ല.

അതു കൂടാതെ ഓട്ടിസം ബാധിതരായ കുഞ്ഞുങ്ങൾക്ക് നാഷണൽ ഹെൽത്ത് മിഷന്റെ കീഴിൽ രണ്ട്

സ്ഥാപനങ്ങളിലൂടെ സേവനം ലഭിക്കുന്നുണ്ട്. ഡിസ്ട്രിക്ട് ഏർളി ഇന്റർവെൻഷൻ സെന്റർ (DEIC), കേരള സാമൂഹിക സുരക്ഷാ മിഷനുമായി ചേർന്ന് നടപ്പിലാക്കി വരുന്ന മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റ് (അനുയാത്ര പദ്ധതി). രണ്ട് സ്ഥാപനത്തിലും സൈക്കോളജിസ്റ്റിന്റെയും സ്പീച്ച് ആഡിയോ തെറാപ്പിസ്റ്റുകളുടെയും സൗജന്യ സേവനവും ഓട്ടിസം ബാധിതർക്ക് സൗജന്യമായി തെറാപ്പി സൗകര്യവും ലഭ്യമാണ്.

കുട്ടികളിലെ വളർച്ചയും വികസനവുമായി ബന്ധപ്പെട്ട ആരോഗ്യ പ്രശ്നങ്ങളും വൈകല്യങ്ങളുള്ള, ജനനം മുതൽ 18 വയസ്സ് വരെയുള്ള കുട്ടികളെ പരിശോധിക്കാനും സമയാധിഷ്ഠിതമായി മെച്ചപ്പെട്ട ചികിത്സ നൽകുന്നതിന് ജില്ലാതല ആശുപത്രിയിൽ പ്രവർത്തിക്കുന്ന പ്രത്യേക സ്ഥാപനമാണ് ഡിസ്ട്രിക്ട് ഏർളി ഇന്റർവെൻഷൻ സെന്റർ (ഡി.ഐ.ഇ.സി.). ഡി.ഐ.ഇ.സി കളിൽ ഓട്ടിസം ബാധിച്ച 18 വയസ്സ വരെയുള്ള എല്ലാ കുട്ടികൾക്കും വിവിധങ്ങളായ തെറാപ്പി ഉൾപ്പടെയുള്ള ചികിത്സ സൗജന്യമായി ലഭ്യമാണ്.

ഓട്ടിസം , എ.ഡി.എച്ച്.ഡി , ഹൈപ്പർ ആക്ടിവിറ്റി തുടങ്ങിയ രോഗങ്ങൾക്കുള്ള വിവിധ ചികിത്സാ സേവനങ്ങൾ ഡി.ഇ.ഐ.സി യിൽ നിന്നും ലഭ്യമാകുന്നതാണ്.

വളർച്ചയിലേയും വികാസത്തിലേയും വിവിധ പ്രശ്നങ്ങൾ കാലേക്കൂട്ടി കണ്ടെത്തുന്നതിനും ശരിയാം വണ്ണം വിവിധ തെറാപ്പികൾ നൽകി ചികിത്സിക്കുന്നതിനും തുടർചികിത്സ വേണ്ട കുട്ടികളെ ഘട്ടംഘട്ടമായി ചികിത്സിക്കുന്നതിനും പ്രത്യേക ചികിത്സ വേണ്ടവർക്ക് സ്പെഷ്യാലിറ്റി സെന്ററിലേയ്ക്ക് റഫർ ചെയ്യുന്നതിനും ഇത്തരം ഡി.ഇ.ഐ.സി. വഴി സാധ്യമാക്കുന്നു.
എല്ലാ ഡി.ഇ.ഐ.സി.കളിലും
പീഡിയാട്രിഷ്യൻ, മെഡിക്കൽ ഓഫീസർ, ഡെന്റൽ സർജൻ, ഡെന്റൽ ഹൈജീനിസ്റ്റ്, ഫിസിയോ തെറാപ്പിസ്റ്റ്, ക്ലിനിക്കൽ സൈക്കോളജിസ്റ്റ്, ഓഡിയോളജിസ്റ്റ് കം സ്പീച്ച് തെറാപ്പിസ്റ്റ്, ഒപ്റ്റോമെട്രിസ്റ്റ്, സ്പെഷ്യൽ എഡ്യൂക്കേറ്റർ എന്നീ സ്പെഷ്യലിസ്റ്റുകളെ നിയമിച്ചിട്ടുണ്ട്.

സ്കൂൾ-അംഗണവാടി, ഫീൽഡ് തലത്തിൽ സ്ക്രീൻ ചെയ്യപ്പെട്ട വളർച്ചയിലും വികാസത്തിലും വ്യതിയാനം കണ്ടെത്തുന്ന കുട്ടികളെ ഡി.ഇ.ഐ.സി.-ലേയ്ക്ക് റഫർ

| | | | |
|---|---|---|---|
| | | | ചെയ്ത് വിവിധങ്ങളായ തെറാപ്പി ഉൾപ്പെടെയുള്ള ചികിത്സാ സൗകര്യങ്ങൾ തീർത്തും സൗജന്യമാക്കിയിരിക്കുന്നു.<br><br>കുട്ടികളുടെ ആശയ വിനിമയത്തിലുള്ള അപാകതകൾ സ്പീച്ച് തെറാപ്പിസ്റ്റും, മാനസികവും സാമൂഹികവുമായ വികാസത്തിലുള്ള വ്യതിയാനങ്ങൾ സൈക്കോളജിസ്റ്റും, പഠന ബൗദ്ധികമായ വികാസത്തിലെ വ്യതിയാനങ്ങൾ സ്പെഷ്യൽ എഡ്യൂക്കേറ്ററും പരിശോധിക്കുന്നു. കൂടാതെ ഫിസിയോതെറാപ്പിസ്റ്റിന്റെ നേതൃത്വത്തിൽ വൈകല്യങ്ങളുടെ തോത് കുറയ്ക്കാൻ ആവശ്യമായ തെറാപ്പികളും, വ്യായാമങ്ങളും വൈകല്യത്തിന്റെ തോതിന് അനുസൃതമായി നടത്തുന്നു. |

സെക്ഷൻ ഓഫീസർ